**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6435** **10-07-2024 - ൽ മറുപടിയ്ക്ക്**

**കെ.എസ്.എഫ്.ഡി.സി.യുടെ തിയേറ്ററുകളിലേക്ക് പ്രൊജക്ടറുകൾ വാങ്ങിയ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.എഫ്.ഡി.സി.യുടെ തിയേറ്ററുകളിലേക്ക് 2016-17 മുതൽ നാളിതുവരെ പ്രൊജക്ടറുകൾ വാങ്ങുന്നത് എവിടെ നിന്നാണെന്നും ഏത് കമ്പനിയുടെതാണെന്നുമുള്ള വിശദാംശം നൽകുമോ; ഇതുവരെ കെ.എസ്.എഫ്.ഡി.സി. തിയേറ്ററുകളിലേക്ക് എത്ര പ്രൊജക്ടറുകൾ വിലയ്ക്ക് വാങ്ങിയെന്നും അവയ്ക്കുവേണ്ടി ആകെ എത്ര തുക ചെലവാക്കിയെന്നും വ്യക്തമാക്കുമോ; | (എ) | 2016-17 മുതൽ നാളിതുവരെ കെ.എസ്.എഫ്.ഡി.സി.യുടെ വിവിധ തീയേറ്ററുകളിലേയ്ക്ക് പ്രൊജക്ടറുകൾ വാങ്ങിയ കമ്പനികളുടെ വിശദാംശങ്ങൾ ചുവടെചേർക്കുന്നു:<br><br>1. മെസേഴ്സ് ബാർകോ എൻ.വി, ബെൽജിയം<br><br>2. മെസേഴ്സ് സിനിയോണിക്, പി.വി., ബെൽജിയം<br><br>3. മെസേഴ്സ് ക്യൂബ് സിനിമ ടെക്നോളജീസ്, മൈലാപ്പൂർ, ചെന്നൈ<br><br>2016-17 മുതൽ നാളിതുവരെ കെ.എസ്.എഫ്.ഡി.സി.യുടെ വിവിധ തീയേറ്ററുകളിൽ വാങ്ങിയ പ്രൊജക്ടറുകളുടെ എണ്ണം 08 (എട്ട്) ആണ്. ഇവയ്ക്ക് വേണ്ടി ചെലവാക്കിയ തുക 3,34,33,981/- (മൂന്നു കോടി മുപ്പത്തിനാല് ലക്ഷത്തി മുപ്പത്തി മൂവായിരത്തി തൊള്ളായിരത്തി എൺപത്തിയൊന്ന് രൂപ മാത്രം) രൂപയാണ്. |
| (ബി) | പ്രൊജക്ടറുകൾ എന്നാണ് വാങ്ങിയതെന്നും എവിടെയൊക്കെയാണ് സ്ഥാപിച്ചതെന്നുമുള്ള വിശദാംശം വ്യക്തമാക്കുമോ; പ്രൊജക്ടറുകൾ വാങ്ങുവാൻ വേണ്ടി നടത്തിയ ടെൻഡർ നടപടികളുടെ വിശദാംശം അറിയിക്കാമോ; | (ബി) | പ്രൊജക്ടറുകൾ വാങ്ങിയ തീയതികൾ സംബന്ധിച്ച വിവരം അനുബന്ധം ആയി ചേർക്കുന്നു. |
| (സി) | ഇപ്രകാരം പ്രൊജക്ടറുകൾ വാങ്ങുന്നതിന് കെ.എസ്.എഫ്.ഡി.സി.യ്ക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഇല്ലെങ്കിൽ ഏതു ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് പ്രൊജക്ടറുകൾ വാങ്ങിയതെന്ന് വ്യക്തമാക്കുമോ? | (സി) | കെ.എസ്.എഫ്.ഡി.സി.യുടെ ഡയറക്ടർ ബോർഡിന്റെ തീരുമാന പ്രകാരമാണ് പ്രൊജക്ടറുകൾ വാങ്ങിയത്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

1. **കൈരളി/ശ്രീ തീയേറ്റർ, കോഴിക്കോട്**

   Purchase Order dated 08.01.2021 2 പ്രൊജക്ടറുകൾ (BARCO SP 4K 25 C Laser (1എണ്ണം), BARCO DP 4 K 19B (1എണ്ണം)

2. **കൈരളി/ശ്രീ/നിള തീയേറ്റർ, തിരുവനന്തപുരം**

   Purchase Order dated 01.12.2021 3 പ്രൊജക്ടറുകൾ (BARCO SP 4K 25 C Laser (1എണ്ണം), BARCO SP 4K 20 C LASER (2 എണ്ണം)

3. **കൈരളി/ശ്രീ തീയേറ്റർ, ചേർത്തല**

   Purchase Order dated 14.12.2022 2 പ്രൊജക്ടറുകൾ (BARCO SP 4 K 15 C Laser (2എണ്ണം). കൈരളി/ശ്രീ ചേർത്തല തീയേറ്ററുകളുടെ നവീകരണ പ്രവർത്തനങ്ങൾ നീണ്ടു പോയതിനാൽ പ്രസ്തുത പ്രൊജക്ടറുകൾ നാളിതുവരെ തീയേറ്ററിൽ സ്ഥാപിക്കാൻ സാധിച്ചിട്ടില്ല.

4. **കൈരളി തീയേറ്റർ, ചിറ്റൂർ**

   Purchase Order dated 17.04.2018 1 പ്രൊജക്ടർ (CHRISTIE CP 2215 Digital Cinema Projector) ചിറ്റൂർ കൈരളി തീയേറ്ററിലേയ്ക്കായി ഒരു പ്രൊജക്ടർ Expression of Interest(EOI) വിളിച്ചാണ് മെസേഴ്സ് ക്യൂബ് സിനിമ ടെക്നോളജീസ് നിന്നും വാങ്ങിയത്. ബാക്കി ഏഴ് പ്രൊജക്ടറുകൾ കെ.എസ്.എഫ്.ഡി.സി.യുടെ ഡയറക്ടർ ബോർഡ് തീരുമാനപ്രകാരം BARCO പ്രൊജക്ടറുകൾ കമ്പനിയിൽ നിന്നും നേരിട്ടാണ് വാങ്ങിയത്.